**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.538** **29.11.2018-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 23.11.2018 ൽ ആദ്യലേലം നടന്നതോടെ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു |
| (ബി) | യു.എ.ഇ യിൽ നിന്നും ചിട്ടിയിൽ ചേരുന്നതിന് എത്രപേർ താല്പര്യം അറിയിച്ചു; അതിൽ എത്രപേർ ഇതിനകം വരിക്കാരായി രജിസ്റ്റർ ചെയ്ത് ആദ്യ വരിസംഖ്യ അടച്ചു; വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ആരംഭിക്കുന്നതിനു മുൻപായി 72,698 പേർ ചിട്ടിയിൽ ചേരാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നു. 22.11.2018 വരെ 1,946 പ്രവാസി മലയാളികൾ ചിട്ടിയിൽ ചേർന്ന് വരിസംഖ്യ അടച്ചിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം എത്രപേർ പ്രസ്തുത ചിട്ടിയിൽ ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (സി) | 25,000 പ്രവാസികളെങ്കിലും ഈ സാമ്പത്തിക വർഷം ചിട്ടിയിൽ വരിക്കാരാകും എന്നു പ്രതീക്ഷിക്കുന്നു. വരും വർഷത്തിൽ ഇത് 1,00,000 ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത ചിട്ടിയിൽ ചേരുന്ന വരിക്കാർക്ക് എന്തൊക്കെ പ്രത്യേക ആനുകൂല്യമാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (ഡി) | പ്രവാസിജീവിതത്തിന്റെ അനിശ്ചിതാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത ചിട്ടികളിൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം വരിക്കാരനായ പ്രവാസി മലയാളി ചേർന്നിട്ടുള്ള ചിട്ടിയുടെ കാലയളവിൽ ദൗർഭാഗ്യവശാൽ മരിക്കുകയാണെങ്കിൽ 10 ലക്ഷം വരെയുള്ള ബാധ്യതയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ അപകടത്തിൽപ്പെട്ട് വരിക്കാരന് തൊഴിലെടുക്കാൻ സാധിക്കാത്ത വിധം അംഗഭംഗം സംഭവിക്കുകയാണെങ്കിലും 10 ലക്ഷം വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വരിക്കാരൻ മരണപ്പെടുന്ന കേസുകളിൽ ഭൗതികശരീരം നാട്ടിൽ എത്തിക്കാനും അനുയാത്രികന്റെ യാത്രാടിക്കറ്റിനും വരുന്ന ചിലവ് കെ.എസ്.എഫ്.ഇ വഹിക്കുന്നതായിരിക്കും . ചിട്ടി തുക പൂർണ്ണമായോ ഭാഗികമായോ LIC of India യുടെ Pension Scheme ലേയ്ക്ക് മാറ്റുന്നപക്ഷം, വരിക്കാരന് നിക്ഷേപത്തിന് ആനുപാതികമായി 55 വയസ്സുമുതൽ പെൻഷൻ ലഭിയ്ക്കുന്ന പദ്ധതിയും ഈ പദ്ധതിയുടെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ